എ.വൈ.ആർ

സൂറ-12

# യൂസുഫ്

وَجَآءَتْ سَيَّارَةٌ فَأَرْسَلُوا۟ وَارِدَهُمْ فَأَدْلَىٰ دَلْوَهُۥ ۖ قَالَ يَٰبُشْرَىٰ هَٰذَا غُلَٰمٌ ۚ
وَأَسَرُّوهُ بِضَٰعَةً ۚ وَٱللَّهُ عَلِيمٌۢ بِمَا يَعْمَلُونَ ﴿١٩﴾

19 ഒരു യാത്രാ സംഘം ആ വഴി വന്നു. അവരുടെ വെള്ളംകോരിയെ ആ കിണറ്റിലേക്കയച്ചു. അയാൾ തൊട്ടി കിണറ്റിലിട്ടപ്പോൾ യൂസുഫിനെ കണ്ട് വിളിച്ചു പറഞ്ഞു. 'ഹായ്! സുവിശേഷം! ഇതാ ഒരു പയ്യൻ.' അവരദ്ദേഹത്തെ ഒരു കച്ചവടച്ചരക്കാക്കി ഒളിപ്പിച്ചുവെച്ചു. എന്നാൽ അവർ ചെയ്യുന്നതെന്തെന്ന് അല്ലാഹു നന്നായി അറിയുന്നുണ്ടായിരുന്നു.

وَشَرَوْهُ بِثَمَنٍۭ بَخْسٍ دَرَٰهِمَ مَعْدُودَةٍ وَكَانُوا۟ فِيهِ مِنَ ٱلزَّٰهِدِينَ ﴿٢٠﴾

20 ഒടുവിൽ അവരദ്ദേഹത്തെ തുച്ഛമായ ഏതാനും വെള്ളിക്കാശുകൾക്കു വിറ്റുകളഞ്ഞു. അവർ അദ്ദേഹത്തിൽ വലിയ താൽപര്യമൊന്നുമുള്ളവരായിരുന്നില്ല.

وَقَالَ ٱلَّذِى ٱشْتَرَىٰهُ مِن مِّصْرَ لِٱمْرَأَتِهِۦٓ أَكْرِمِى مَثْوَىٰهُ عَسَىٰٓ أَن يَنفَعَنَآ أَوْ
نَتَّخِذَهُۥ وَلَدًا ۚ وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِى ٱلْأَرْضِ وَلِنُعَلِّمَهُۥ مِن تَأْوِيلِ
ٱلْأَحَادِيثِ ۚ وَٱللَّهُ غَالِبٌ عَلَىٰٓ أَمْرِهِۦ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٢١﴾

21 മിസ്റിൽ അദ്ദേഹത്തെ വാങ്ങിയ മനുഷ്യൻ തന്റെ ഭാര്യയോടു പറഞ്ഞു: ഇവനെ നന്നായി പരിപാലിക്കേണം. ഭാവിയിൽ നമുക്ക് ഉപകാരപ്പെട്ടേക്കും. അല്ലെങ്കിൽ നമുക്കിവനെ മകനായി ദത്തെടുക്കുകയുമാവാം. ഇപ്രകാരം നാം യൂസുഫിന് ആ നാട്ടിൽ നിവാസ സൗകര്യമൊരുക്കിക്കൊടുത്തു. അദ്ദേഹത്തെ സംഭവങ്ങളുടെ പരിണാമം പഠിപ്പിക്കാൻ കൂടിയായിരുന്നു ഇത്. അല്ലാഹു നിശ്ചയിച്ച കാര്യം അവൻ നടത്തുക തന്നെ ചെയ്യും. പക്ഷേ, അധികജനവും അറിയുന്നില്ല.

وَلَمَّا بَلَغَ أَشُدَّهُۥٓ ءَاتَيْنَٰهُ حُكْمًا وَعِلْمًا ۚ وَكَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿٢٢﴾

22 അദ്ദേഹം പൂർണ യൗവനം പ്രാപിച്ചപ്പോൾ നാം കാര്യങ്ങൾ തീരുമാനിക്കാനുള്ള വൈഭവവും വിജ്ഞാനവും പ്രദാനം ചെയ്തു. സുകൃതർക്ക് ഈ വിധം തന്നെയാണ് നാം പുരസ്കാരം നൽകുക.

---

وَجَآءَتْ= വന്നു (ആ വഴി) سَيَّارَةٌ= ഒരു യാത്രാ സംഘം فَأَرْسَلُوا۟= അവർ അയച്ചു (ആ കിണറ്റിങ്കലേക്ക്)

وَارِدَهُمْ= അവരുടെ വെള്ളം കോരിയെ فَأَدْلَىٰ= (ഇട്ടു(ട്ടപ്പോൾ) അയാൾ ഇറക്കി, دَلْوَهُۥ= അയാളുടെ(വെള്ള)ത്തൊട്ടി

قَالَ= (അയാൾ വിളിച്ചു പറഞ്ഞു(യൂസുഫിനെ കണ്ട് പറഞ്ഞു) يَٰبُشْرَىٰ= (സന്തോഷം) ഹായ്, സുവിശേഷം هَٰذَا= ഇതാ (ഇവിടെ)

غُلَٰمٌ= പയ്യൻ وَأَسَرُّوهُ= അവർ അദ്ദേഹത്തെ ഒളിപ്പിച്ചു بِضَٰعَةً= കച്ചവടച്ചരക്ക് ആയിട്ട്

وَٱللَّهُ عَلِيمٌ= (എന്നാൽ അല്ലാഹു നന്നായറിയുന്നുണ്ടായിരുന്നു) അല്ലാഹു സർവജ്ഞനാകുന്നു

بِمَا يَعْمَلُونَ= അവർ ചെയ്യുന്ന(തെന്തെന്ന്)തിനെക്കുറിച്ച് وَشَرَوْهُ= അവർ അദ്ദേഹത്തെ വിറ്റു بِثَمَنٍۭ بَخْسٍ= തുച്ഛ വിലയ്ക്ക്

دَرَٰهِمَ مَعْدُودَةٍ= വെള്ളിക്കാശുകൾക്ക് (ഏതാനും) എണ്ണപ്പെട്ട (അതായത്)

وَكَانُوا۟ فِيهِ= (അവർക്ക് അദ്ദേഹത്തിന്റെ കാര്യത്തിൽ ആയിരുന്നില്ല) അവർ അതിൽ ആയിരുന്നു

مِنَ ٱلزَّٰهِدِينَ= വിരക്തരിൽപെട്ടവർ(വലിയ താൽപര്യമൊന്നും ഉള്ളവർ) وَقَالَ ٱلَّذِى ٱشۡتَرَىٰهُ= അദ്ദേഹത്തെ വാങ്ങിയവൻ പറഞ്ഞു

مِن مِّصۡرَ= മിസ്വ്‌റിൽനിന്ന് لِٱمۡرَأَتِهِۦٓ= അവ(ത)ന്റെ ഭാര്യയോട്

أَكۡرِمِى مَثۡوَىٰهُ= (നീ അവനെ നന്നായി പരിചരിക്കേണം) അവന്റെ വസനത്തെ നീ ആദരിക്കുക

عَسَىٰٓ أَن يَنفَعَنَآ= (ഭാവിയിൽ ഉപകാരപ്പെട്ടേക്കാം) അവൻ നമുക്ക് ഗുണം ചെയ്തേക്കാം

أَوۡ نَتَّخِذَهُۥ= അല്ലെങ്കിൽ നാം അവനെ(ദത്ത്) എടുത്തേക്കാം وَلَدًا= മകൻ ആയിട്ട് وَكَذَٰلِكَ= ഈവിധം തന്നെയാണ്

مَكَّنَّا لِيُوسُفَ= യൂസുഫിന് നാം നിവാസ സൗകര്യമൊരുക്കിക്കൊടുത്തു فِى ٱلۡأَرۡضِ= ഭൂമിയി(ആ നാട്ടി)ൽ

وَلِنُعَلِّمَهُۥ= (ആയിരുന്നു ഇത്) നാം അദ്ദേഹത്തെ പഠിപ്പിക്കാൻ കൂടി مِن تَأۡوِيلِ ٱلۡأَحَادِيثِ= സംഭവങ്ങളുടെ പരിണാമം, വ്യാഖ്യാനം

وَٱللَّهُ غَالِبٌ= (നടത്തുക തന്നെ ചെയ്യും) അല്ലാഹു പ്രാപിക്കുന്നവനാകുന്നു عَلَىٰٓ أَمۡرِهِۦ= അവന്റെ(നിശ്ചയിച്ച)കാര്യം

وَلَٰكِنَّ= പക്ഷേ أَكۡثَرَ ٱلنَّاسِ= അധികജനവും لَا يَعۡلَمُونَ= അറിയുന്നില്ല

وَلَمَّا بَلَغَ أَشُدَّهُۥٓ= (പൂർണ യൗവനം പ്രാപിച്ചപ്പോൾ) അദ്ദേഹം തന്റെ ശക്തിയിലെത്തിയപ്പോൾ ءَاتَيۡنَٰهُ= നാം അദ്ദേഹത്തിനു നൽകി

حُكۡمًا= അധികാരം, തീരുമാനം(വൈഭവം) وَعِلۡمًا= വിജ്ഞാനവും وَكَذَٰلِكَ= (തന്നെയാണ്) ഈവിധം

نَجۡزِى= നാം പ്രതിഫലം, പുരസ്കാരം നൽകു(ക)ന്നു ٱلۡمُحۡسِنِينَ= സുകൃതർക്ക്, നന്മയുള്ളവർക്ക്

---

**19,20:** ഇവിടം മുതൽ കഥാരംഗം യഅ്ഖൂബ് നബിയുടെ വീട്ടിൽനിന്ന് കിണറ്റിലകപ്പെട്ട യൂസുഫിന്റെ അവസ്ഥയിലേക്കു മാറുകയാണ്. യൂസുഫിനെ കിണറ്റിൽ തള്ളി സഹോദരന്മാർ സ്ഥലം വിട്ടപ്പോൾ മിദ്യാനിൽനിന്ന് ഈജിപ്തിലേക്ക് പോവുകയായിരുന്ന ഒരു യാത്രാ സംഘം ആ വഴി വന്നു. യൂസുഫ് കിണറ്റിൽ തള്ളപ്പെട്ട അന്നുതന്നെ കച്ചവടക്കാർ അതു വഴി വന്നുവെന്നാണ് ബൈബിൾ നിവേദനങ്ങളിലുള്ളത്. മൂന്നു ദിവസം അദ്ദേഹത്തിന് കിണറ്റിൽ കഴിയേണ്ടി വന്നുവെന്നും അനന്തരം യാത്രാ സംഘമെത്തിയെന്നും ചില മുസ്‌ലിം പണ്ഡിതന്മാർ പ്രസ്താവിച്ചു കാണുന്നു. സയ്യാറത് വന്നു എന്നാണ് മൂലവാക്യം. സൈറ്(സഞ്ചാരം) എന്ന മൂലത്തിൽനിന്നുള്ള കർതൃപദമായ സാഇറിന്റെ മറ്റൊരു ഭാഷ്യമായ 'സയ്യാർ'ന്റെ ബഹുവചനമാണ് സയ്യാറത്. ആധുനിക അറബിയിൽ മോട്ടോർകാർ എന്ന അർഥത്തിലും 'സയ്യാറത്' ഉപയോഗിക്കുന്നുണ്ട്. ഇവിടെ സൂചിപ്പിക്കപ്പെടുന്ന യാത്രാസംഘം മിദ്യാനിൽനിന്ന് ഈജിപ്തിലേക്ക് പോവുകയായിരുന്ന മിദ്യാനികളായിരുന്നുവെന്നാണ് പ്രബലമായ പക്ഷം. പഴയകാലത്ത് വലിയ യാത്രാസംഘങ്ങൾ, തങ്ങൾക്കായി കടവുകളും കിണറുകളും അന്വേഷിച്ച് പിടിച്ച് വെള്ളം കൊണ്ടുവരുന്നതിന് ഒരാളെ പ്രത്യേകം ഏർപ്പെടുത്തുമായിരുന്നു. യാത്രാസംഘത്തിന്റെ മുന്നിലാണ് ഇയാൾ സഞ്ചരിക്കുക. ഇയാളാണ് 'വാരിദ്' എന്നു വിളിക്കപ്പെടുന്നത്. ഈ പദത്തിന്റെ ക്രിയാ രൂപമായ 'വറദ'യെക്കുറിച്ച് നേരത്തെ വിശദീകരിച്ചിട്ടുണ്ട്.

യാത്രാസംഘം വെള്ളമെടുക്കാനയച്ച വാരിദ്, യൂസുഫ് അകപ്പെട്ട കിണറ്റിങ്കലെത്തി വെള്ളത്തൊട്ടി കിണറ്റിലേക്കിട്ടു. വസ്തുവിൽ കയറു ബന്ധിച്ച്, കയറിന്റെ അറ്റം കൈയിൽവെച്ച് വസ്തു താഴേക്കിട്ടാൽ 'അദ്‌ലാ' എന്നു പറയും. അങ്ങനെ ഇടുന്ന വസ്തു എന്ന നിലക്ക് ബക്കറ്റിന് 'ദൽവ്' എന്നും പറയുന്നു. കിണറ്റിനടിയിലെത്തിയ ബക്കറ്റിൽ യൂസുഫ് നബി പിടികൂടി. ബക്കറ്റിന് അസാധാരണമായ ഭാരം അനുഭവപ്പെട്ട വാരിദ് എത്തിനോക്കിയപ്പോൾ യൂസുഫിനെ കണ്ടു. അയാൾക്ക് വലിയ അത്ഭുതവും സന്തോഷവുമായി. يَٰبُشۡرَىٰ എന്നാണ് മൂലവാക്യം. 'ബുശ്റ'യോട് ഉത്തമ പുരുഷ സൂചകമായ 'യാഅ്' ചേർത്തതാണിത്. ഓ എന്റെ സുവിശേഷമേ, എന്നാണ് ഭാഷാർഥം. يا حسرتا (ഹാ എന്റെ കഷ്ടം) എന്നതുപോലുള്ള ഒരു പ്രയോഗമാണ് يَٰبُشۡرَىٰ യും.

غلام ന് കുട്ടി, യുവാവ്, ഭൃത്യൻ, അടിമ എന്നെല്ലാം അർഥമുണ്ട്. യൗവനം തികഞ്ഞിട്ടില്ലാത്തയാൾ എന്ന അർഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ സംഭവം നടക്കുമ്പോൾ യൂസുഫ് നബിക്ക് 17 വയസ്സായിരുന്നു എന്നാണ് നിവേദനങ്ങളിൽ കാണുന്നത്.

യൂസുഫിനെ കണ്ടെടുത്ത കച്ചവടസംഘം അദ്ദേഹം കുലീന കുടുംബത്തിൽ പിറന്നു, വളർന്ന കുട്ടിയാണെന്നു മനസ്സിലാക്കി. ഒരു പക്ഷേ, അതവർ കുട്ടിയോടു തന്നെ ചോദിച്ചറിഞ്ഞതാവാം. ഏതായാലും കൈയിൽ കിട്ടിയ കുട്ടിയെ ഈജിപ്തിൽ കൊണ്ടുപോയി വിൽക്കാമെന്നു തീരുമാനിച്ചു. പരസ്യമായി കൊണ്ടുപോയാൽ കാര്യം നടക്കില്ല. അവന്റെ ആളുകൾ അന്വേഷിച്ചു നടക്കുന്നുണ്ടാകും. അവർ കാണുകയാണെങ്കിൽ കുട്ടിയെ വിട്ടുകൊടുക്കേണ്ടി വരും. തങ്ങൾ കുട്ടിയെ തട്ടിക്കൊണ്ടു പോവുകയാണെന്ന് ആരോപിക്കാനും ഇടയുണ്ട്. അതുകൊണ്ടവർ ഈജിപ്തിലെത്തുന്നതുവരെ കുട്ടിയെ ഒരു കച്ചവടച്ചരക്കെന്നോണം ഒളിപ്പിച്ചുവച്ചു. ഈജിപ്തിലെത്തിയപ്പോൾ പെട്ട വിലയ്ക്കു വിൽക്കുകയും ചെയ്തു. കൂടുതൽ വിലപേശി പ്രദർശിപ്പിച്ചു നടന്നാൽ, അതൊരടിമക്കുട്ടിയല്ലെന്ന് ആളുകൾ തിരിച്ചറിയുകയോ അവകാശികൾ അവനെ കണ്ടെത്തുകയോ ചെയ്യുകയാണെങ്കിൽ ആകെ കുഴപ്പമാകും. തങ്ങൾക്ക് മുതൽ മുടക്കൊന്നുമില്ലാതെ കളഞ്ഞുകിട്ടിയ ചരക്കാണല്ലോ; കിട്ടിയതുലാഭം. ഇതായിരുന്നു അവരുടെ മനോഭാവം. ഇതാണ് وَشَرَوۡهُ.......مِنَ ٱلزَّٰهِدِينَ എന്ന വചനത്തിന്റെ ആശയം. شرى യുടെ ബഹുവചനമാണ് شروا. ഈ പദത്തിന് വാങ്ങി എന്നും വിറ്റു എന്നും അർഥമുണ്ട്. ഇവിടെ ഉദ്ദേശ്യം രണ്ടാമത്തേതാണ്. വെട്ടിക്കുറച്ചതും നിസ്സാരമായതുമാണ് بَخۡسٍ. അന്നത്തെ നിലവാരമനുസരിച്ച് അടിമച്ചന്തയിൽ നൂറോ അതിൽ കൂടുതലോ വിലകിട്ടേണ്ടതായിരുന്നു അവർക്ക്. പക്ഷേ, ഉപരി സൂചിത കാരണങ്ങളാൽ അത്രയും കിട്ടാൻ അവർ കാത്തില്ല. വൈമുഖ്യം, ഉപേക്ഷ, വിരക്തി തുടങ്ങിയ അർഥങ്ങളിലുള്ള زهدൽ നിന്നുള്ള زاهد എന്ന കർതൃ പദത്തിന്റെ ബഹുവചനമാണ് زاهدين. സൂഫികളുടെ ഭാഷയിൽ, സംസാര ജീവിതത്തിൽ വിരക്തനായി ദൈവോപാസനയിൽ മുഴുകിക്കഴിയുന്ന ഭക്തനാണ് زاهد. അതിൽ അവർ വിരക്തരിൽ പെട്ടവരായിരുന്നു എന്നാണ് وَكَانُواْ فِيهِ مِنَ ٱلزَّٰهِدِينَ ന്റെ അർഥം. യൂസുഫിനു കിട്ടുന്ന വിലയുടെ കാര്യത്തിൽ ഏറെയൊന്നും പ്രതീക്ഷിച്ചിരുന്നില്ല എന്നാണ് പൊതുവിൽ ഇതു വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളത്. യൂസുഫിനെ കൂടെ കൊണ്ടുനടക്കുന്നതിലോ ചന്തകളിൽ പ്രദർശിപ്പിക്കുന്നതിലോ അവർക്ക് താൽപര്യമുണ്ടായിരുന്നില്ല എന്നാണ് മറ്റൊരു വ്യാഖ്യാനം.

ഈ പശ്ചാത്തലത്തിൽ وَٱللَّهُ عَلِيمُۢ بِمَا يَعۡمَلُونَ എന്ന വാക്യത്തിന്റെ താൽപര്യം ആ കച്ചവടക്കാർ യൂസുഫിനെ ഒരു ചര

ക്കായി ഒളിപ്പിച്ചു വെക്കുന്നത് അല്ലാഹു അറിയുന്നുണ്ടായിരുന്നുവെന്ന് മാത്രമല്ല; അവന്റെ നിശ്ചയ പ്രകാരമാണ് അതൊക്കെ സംഭവിച്ചു കൊണ്ടിരുന്നത് എന്നു കൂടിയാണ്. യൂസുഫിനുവേണ്ടി അല്ലാഹു ഈജിപ്തിൽ മഹത്തായ ഒരു ദൗത്യം വിധിച്ചിട്ടുണ്ട്. ആ വിധിയിലേക്ക് അദ്ദേഹം എത്തിച്ചേരുന്നതിനുള്ള വഴികളാണ് സഹോദരന്മാരുടെ കിണറ്റിൽ തള്ളലും കച്ചവടക്കാരുടെ കണ്ടെടുക്കലും ഈജിപ്തിൽ കൊണ്ടുപോയി വിൽക്കലുമെല്ലാം. 21-ാം വാക്യത്തിൽ وَٱللَّهُ غَالِبٌ عَلَىٰٓ أَمْرِهِۦ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ - അല്ലാഹു നിശ്ചയിച്ച കാര്യം അവൻ നടത്തുക തന്നെ ചെയ്യും പക്ഷേ, അധിക ജനവും അറിയുന്നില്ല - എന്ന വാക്യം ഇക്കാര്യം ഒന്നുകൂടി തെളിച്ചു പറയുന്നുണ്ട്. കച്ചവടക്കാർ ചെയ്തത് അധർമമായിരുന്നു. ഒരു കുട്ടിയെ കണ്ടുകിട്ടിയാൽ അവന്റെ ഉറ്റവരെയോ അടിമയാണെങ്കിൽ ഉടമയെയോ കണ്ടെത്തി ഏൽപിക്കുകയും അതുവരെ സംരക്ഷിക്കുകയും ആയിരുന്നു അവരുടെ ധർമം. അതിനു പകരം അതിനെ കച്ചവടച്ചരക്കായി കണക്കാക്കുകയും വിൽക്കുന്നതിനുവേണ്ടി ഒളിപ്പിച്ചുവെക്കുകയും ചെയ്തത് വലിയ അക്രമമാണ്. ഇതിനവർ അല്ലാഹുവിന്റെ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടി വരും. ഈ ആശയമാണ് وَٱللَّهُ عَلِيمٌۢ بِمَا يَعْمَلُونَ എന്ന വാക്യത്തിലൂടെ സൂചിപ്പിക്കുന്നതെന്നും വ്യാഖ്യാനമുണ്ട്.

ബൈബിൾ വിവരണമനുസരിച്ച് യൂസുഫിനെ കച്ചവടസംഘത്തിന് സഹോദരന്മാർ തന്നെ വിൽക്കുകയായിരുന്നു. കിണറ്റിലെറിഞ്ഞു തിരിച്ചുപോരുമ്പോൾ അവർ ഇങ്ങനെ ചിന്തിച്ചു. അവനെ കിണറ്റിൽ കിടന്നു മരിക്കാൻ വിടുന്നതിനെക്കാൾ പുറത്തെടുത്ത് കച്ചവടസംഘത്തിന് വിൽക്കുകയാണ്. എങ്കിൽ അവൻ മരിക്കാതെ വല്ലയിടത്തും ജീവിച്ചു കൊള്ളും. നമുക്കവന്റെ ശല്യം ഒഴിഞ്ഞു കിട്ടുകയും ചെയ്യും. അപ്പോൾ അതുവഴി ഒരു മിദ്യാനീ കച്ചവട സംഘം കടന്നു പോകുന്നുണ്ടായിരുന്നു. അവർ യൂസുഫിനെ പുറത്തെടുത്ത് 20 വെള്ളിക്കാശിനു ആ കച്ചവടക്കാർക്ക് വിറ്റു. മിദ്യാനികൾ അദ്ദേഹത്തെ ഇസ്മായേലി(അറബി)കൾക്കു വിറ്റു. പക്ഷേ, പിന്നീട് അദ്ദേഹത്തെ ഈജിപ്തിൽ വിറ്റത് മിദ്യാനികളാണെന്നും ബൈബിൾ തന്നെ പറയുന്നു. ഈ വൈരുധ്യം പരിഗണിക്കാതെ ചില മുസ്‌ലിം പണ്ഡിതന്മാരും ഈ ഭാഷ്യം അംഗീകരിച്ചിട്ടുണ്ട്. അവരുടെ വീക്ഷണത്തിൽ അവർ വിറ്റു (وَشَرَوْهُ), അവർ താൽപര്യമില്ലാത്തവരായിരുന്നു' എന്നീ വാക്കുകളിലെ സർവനാമങ്ങൾ അദ്ദേഹത്തിന്റെ സഹോദരന്മാരെയാണ് സൂചിപ്പിക്കുന്നത്. അങ്ങനെയാണെങ്കിൽ وَأَسَرُّوهُ, فَأَرْسَلُوا۟ وَارِدَهُمْ- അവരുടെ വെള്ളംകോരിയെ അയച്ചു, അവരദ്ദേഹത്തെ ഒളിപ്പിച്ചുവെച്ചു- എന്നീ വാക്കുകളിലെ 'അവരും' സഹോദരന്മാർ തന്നെ ആയിരിക്കണം. കിണറ്റിൽ കുട്ടിയെ കാണുമ്പോൾ, അവനെ അതിൽ തള്ളിയിട്ടവർ അത്ഭുതപ്പെടുന്നതെന്തിനാണ്? കുട്ടിയെ ഒളിപ്പിച്ചുവെച്ചാൽ, വിൽക്കുന്നതെങ്ങനെയാണ്? ആദ്യം പറഞ്ഞ سَيَّارَةٌ നെയാണ് പിന്നീടു വരുന്ന സർവനാമങ്ങൾ സൂചിപ്പിക്കുന്നതെന്ന് അനായാസം മനസ്സിലാക്കാവുന്നതേയുള്ളൂ. അങ്ങനെ മനസ്സിലാക്കുമ്പോൾ, യൂസുഫ് കിണറ്റിൽ തള്ളപ്പെട്ടതിനുശേഷം നടന്ന സംഭവങ്ങളിൽ സഹോദന്മാർക്ക് പങ്കൊന്നുമില്ല.

**21,22:** ഈജിപ്തിൽ യൂസുഫിനെ(അ) വാങ്ങിയ വ്യക്തിയുടെ പേർ ഖുർആൻ പറയുന്നില്ല. ഇയാളെ മറ്റൊരിടത്ത് عزيز എന്നു വിളിക്കുന്നുണ്ട്. ഇത് അദ്ദേഹത്തിന്റെ സ്ഥാനപ്പേരാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിരിക്കുന്നു. അജയ്യനും പ്രിയങ്കരനും ആദരണീയനുമൊക്കെയാണ് عزيز. രാജകൊട്ടാരത്തിൽ സ്വാധീനമുള്ള ഉന്നത ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹമെന്ന് അതിൽനിന്നു മനസ്സിലാക്കാം. രാജാവിന്റെ അംഗരക്ഷകരുടെ തലവൻ, പോലീസ് മേധാവി, ഖജനാവു സൂക്ഷിപ്പുകാരൻ എന്നൊക്കെ പ്രസ്താവമുണ്ട്. പോത്തിഫർ എന്നാണ് പേരെന്ന് ബൈബിൾ പറയുന്നു. ഇദ്ദേഹം പിന്നീട് യൂസുഫ് നബിയിൽ വിശ്വസിക്കുകയും യൂസുഫ് നബിയുടെ ഭരണകാലത്ത് മരണപ്പെടുകയും ചെയ്തതായി ചില മുഫസ്സിറുകൾ പറഞ്ഞിരിക്കുന്നു.

യൂസുഫിനെ കണ്ടപ്പോൾ, അതൊരു അടിമച്ചെറുക്കനല്ലെന്നും ഏതോ കുലീന കുടുംബത്തിൽ കൺമണിയായി വളർന്നു വിവേകശാലിയായ ഉത്തമ ബാലനാണെന്നും ഏതോതെറ്റായ വഴിക്ക് കച്ചവടക്കാരുടെ കൈയിലകപ്പെട്ടതാണെന്നും അതുകൊണ്ടാണ് തനിക്കവനെ തുഛ വിലയ്ക്ക് കിട്ടിയതെന്നും പോത്തിഫറിനു തോന്നിയിരുന്നു. യൂസുഫിനോട് വിവരങ്ങളാരാഞ്ഞപ്പോൾ തന്റെ തോന്നൽ ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. യൂസുഫ് ആരാണെന്ന് നേരത്തെ അറിഞ്ഞിരുന്നുവെങ്കിൽ താൻ വാങ്ങുകയില്ലായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞതായും നിവേദനമുണ്ട്.

ഏതായാലും വാങ്ങിക്കഴിഞ്ഞ സ്ഥിതിക്ക് ഇനിയൊരു കുടുംബാംഗത്തെപ്പോലെ വളർത്താം. അയാൾക്കാണെങ്കിൽ അന്നു മക്കളുമുണ്ടായിരുന്നില്ല. അങ്ങനെ അയാൾ ഭാര്യയോടു പറഞ്ഞു: "ഇയാളെ നന്നായി പരിപാലിക്കണം." أَكْرِمِى مَثْوَىٰهُ എന്നാണ് മൂലത്തിലുള്ളത്. അവന്റെ താമസസ്ഥലത്തെ ആദരിക്കുക എന്നാണ് ഭാഷാർഥം. ഒരു കുടുംബാംഗത്തിന്റെ പരിഗണനയും അതിഥിയുടെ ആദരവും നൽകി താമസിപ്പിക്കുക അഥവാ കൂടെ താമസിപ്പിച്ചു പരിപാലിക്കുക എന്നാണ് പ്രയോഗാർഥം. അങ്ങനെ പോറ്റിവളർത്തിയാൽ, മക്കളില്ലാത്ത നമുക്ക് ഭാവിയിൽ അവൻ ഉപകാരപ്പെട്ടേക്കും അല്ലെങ്കിൽ നമുക്കവനെ ഒരു പുത്രനായി ദത്തെടുക്കുക തന്നെ ചെയ്യാം.

ഭർത്താവിന്റെ അഭിപ്രായം സ്വീകരിച്ച് പോത്തിഫറിന്റെ ഭാര്യ യൂസുഫിന്റെ സംരക്ഷണം ഏറ്റെടുത്തു. അവരുടെ പേരെന്തെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടില്ല. സലീഖ(സുലൈഖ) എന്നായിരുന്നുവെന്നാണ് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ പറഞ്ഞിട്ടുള്ളത്. റാഅ്‌ൽ എന്നാണെന്നും ഒരഭിപ്രായമുണ്ട്. യൂസുഫിന്റെ കാര്യപ്രാപ്തിയും സത്യസന്ധതയും മനസ്സിലാക്കിയ പോത്തിഫർ വീടിന്റെ എല്ലാ ചുമതലകളും അദ്ദേഹത്തെ ഏൽപിച്ചു. ഭക്ഷണത്തിനല്ലാതെ അദ്ദേഹം വീട്ടിൽ വന്നിരുന്നില്ല എന്ന് ബൈബിൾ പറയുന്നു.

ഇതൊന്നും യാദൃച്ഛികമായിരുന്നില്ല; യൂസുഫിനെ അദ്ദേഹത്തിന്റെ ദൗത്യത്തിന് സജ്ജനാക്കുന്ന തരത്തിൽ ഈജിപ്തിൽ താമസിപ്പിക്കാൻ അല്ലാഹു സ്വീകരിച്ച നടപടികളായിരുന്നു. അതാണ് وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِى ٱلْأَرْضِ എന്ന വാക്യത്തിന്റെ താൽപര്യം. സുഗമമാക്കിക്കൊടുത്തു, സ്വാധീനപ്പെടുത്തിക്കൊടുത്തു എന്നും സ്ഥലമൊരുക്കിക്കൊടുത്തു എന്നും مكن ക്ക് അർഥമുണ്ട്. مكان സ്ഥലവും مكانة നു സൗകര്യവുമാണ്. യൂസുഫിനെ താമസിപ്പിക്കാൻ സ്ഥലമൊരുക്കി എന്നാണ് مَكَّنَّا لِيُوسُفَ യുടെ താൽപര്യം. ഇതിൽ فِى ٱلْأَرْضِ എന്നതിനു ശേഷം لنسكنه -അദ്ദേഹത്തെ താമസിപ്പിക്കാൻ- എന്ന വാക്ക് അനുക്തമാണ്. ഈ അനുക്ത വാക്കാണ് തുടർന്നു പറയുന്ന لِنُعَلِّمَهُۥ എന്ന വാക്കിന്റെ സമാസിതം. അതായത്, യൂസുഫിനെ ആ നാട്ടിൽ താമസിപ്പിക്കാനും കാര്യങ്ങളുടെ പരിണാമങ്ങൾ പഠിപ്പിക്കാനും കളമൊരുക്കുകയായിരുന്നു അല്ലാഹു ഈ സംഭവങ്ങളിലൂടെ. ഭാവിയിൽ അദ്ദേഹത്തിന് ഈജിപ്തിൽ ഏറ്റെടുക്കാനുള്ള ദൗത്യത്തിന് രാജ്യകാര്യങ്ങളിൽ വിശേഷിച്ചും, സാമ്പത്തിക കാര്യങ്ങളിൽ നല്ല പരിജ്ഞാനമുണ്ടാകേണ്ടതുണ്ടായിരുന്നു. تَأْوِيلِ ٱلْأَحَادِيثِ ന്റെ അർഥം നേരത്തെ 6-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. രാജാവിന്റെ പാർശ്വവർത്തിയായ ഉന്നതോദ്യോഗസ്ഥന്റെ വീട്ടിൽ അവിടത്തെ ആദരണീയനായ ഒരംഗവും കൈകാര്യക്കാരനുമായുള്ള ജീവിതം ഈ വിദ്യാഭ്യാസത്തിനുള്ള മികച്ച അവസരമാണ്. ഏതു രീതിയിലും താനുദ്ദേശിച്ചത് നടപ്പിലാക്കാൻ കഴിയുന്നവനാണല്ലാഹു. സ്വന്തം ലക്ഷ്യം നേടാൻ പ്രാപ്തിയുള്ളവനാണ് -غَالِبٌ عَلَىٰٓ أَمْرِهِۦ. അല്ലാഹു സ്വീകരിക്കുന്ന മാർഗം ചിലപ്പോൾ നിഗൂഢവും വിചിത്രവുമായിരിക്കും. ചിലപ്പോൾ പ്രത്യക്ഷത്തിൽ ആ മാർഗം ഉദ്ദിഷ്ട ലക്ഷ്യത്തിന് വിപരീതവുമായിരിക്കും. സൂര്യചന്ദ്രന്മാർ പ്രണമിക്കും

വണ്ണം യശസ്സും തേജസ്സുമാർന്ന ഭാവിയാണ് യൂസുഫിന് അല്ലാഹു നിശ്ചയിച്ചതും അറിയിച്ചതും. പക്ഷേ, സ്വന്തം സഹോദരന്മാരാൽ തന്നെ അദ്ദേഹം ക്രൂരമായി വേട്ടയാടപ്പെടുന്നു. ഒരു കച്ചവടച്ചരക്കായി വിൽക്കപ്പെടുന്നു. ദീർഘനാൾ അടിമയായി ജീവിക്കേണ്ടി വരുന്നു. ഇതൊക്കെ കാണുന്നവർക്ക് ആ മനുഷ്യനിൽ തേജസ്സാർന്ന ഒരു ഭാവി സ്വപ്നം കാണാൻപോലും കഴിയുമോ? പക്ഷേ, മനുഷ്യരിലധികം പേർക്കും അല്ലാഹുവിന്റെ ലക്ഷ്യങ്ങളും അതിലേക്ക് അവൻ സ്വീകരിക്കുന്ന മാർഗങ്ങളും മനസ്സിലാക്കാനാവില്ല.

بَلَغَ أَشُدَّهُ എന്ന വാക്കിനെയാണ് പൂർണ യൗവനം പ്രാപിച്ചു എന്നു തർജമ ചെയ്തിട്ടുള്ളത്. പ്രായപൂർത്തിയാകുന്നതിന് بلوغ എന്നു പറയും. പ്രത്യുൽപാദന ശേഷി കൈവരിക്കുകയാണ് പ്രായപൂർത്തിയുടെ അടയാളമായി നിർണയിക്കപ്പെട്ടിരിക്കുന്നത്. ശരീരശേഷി തികയുകയും ബുദ്ധിയും വികാരങ്ങളും പക്വമാവുകയും ചെയ്യുന്ന അവസ്ഥയാണ് بلوغ الأشد. ഇത് 40 വയസ്സാണെന്നും 33 വയസ്സാണെന്നും 34 വയസ്സാണെന്നും 30നും 40നും ഇടക്കുള്ള പ്രായമാണെന്നും പല അഭിപ്രായങ്ങൾ പൂർവസൂരികൾ പ്രസ്താവിച്ചിട്ടുണ്ട്. വൈദ്യശാസ്ത്രജ്ഞന്മാരുടെ കണക്കിൽ 25 വയസ്സാണെന്ന് ഇയുരിമഃ പ്രസ്താവിച്ചിരിക്കുന്നു.

യൗവനം മുറ്റിയപ്പോൾ അദ്ദേഹത്തിന് حكمഉം علمഉം നൽകി. അതായത് പ്രഭു ഭവനത്തിൽ താമസിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന് നൽകാനുദ്ദേശിച്ച വിദ്യാഭ്യാസം പൂർത്തിയാക്കി. حكمനെയാണ് തീരുമാന വൈഭവം എന്ന് തർജമ ചെയ്തിട്ടുള്ളത്. വിധി, നിയമം, ഭരണം, അധികാരം എന്നീ ആശയങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന ശബ്ദമാണ് حكم. തത്ത്വജ്ഞാനം, കാര്യത്തിന്റെ അടിസ്ഥാന യാഥാർഥ്യം എന്നീ അർഥങ്ങളിലുള്ള حكمة ആണ് ഉദ്ദേശ്യമെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. യൂസുഫ് നബിക്ക് ഭാവിയിൽ ഏറ്റെടുക്കാനുള്ള ദൗത്യവുമായി അഭേദ്യബന്ധമുള്ള സംഗതികളാണിവയെല്ലാം. حكمഉംعلم ഉം കൊണ്ടുദ്ദേശ്യം നുബുവ്വത് (പ്രവാചകത്വം) ആണെന്നും പ്രബലമായ വ്യാഖ്യാനമുണ്ട്. പ്രവാചകത്വത്തിന്റെ അനിവാര്യതകളാണ് ഈ രണ്ടു ഗുണങ്ങളും.

യൂസുഫി(അ)ന് ഈ അനുഗ്രഹങ്ങൾ അരുളിയത് അദ്ദേഹം അതിനു അർഹനാണെന്നു തെളിയിച്ചിട്ടാണ്. അദ്ദേഹത്തിന്റെ നന്മയുടെ ഫലമാണ് അദ്ദേഹത്തിനു ലഭിച്ച ജ്ഞാനവും പ്രവാചകത്വവും അധികാരവുമെല്ലാം. ജീവിതത്തിൽ നേരിടേണ്ടി വന്ന കുടത്ത പ്രതിസന്ധികളെയും പീഡനങ്ങളെയും ക്ഷമയോടെ, സമചിത്തതയോടെ നേരിടുകയും സത്യത്തിൽനിന്നും ധർമത്തിൽനിന്നും വ്യതിചലിക്കാതെ ജീവിക്കുകയും ചെയ്തു എന്നതാണ് യൂസുഫ് നബിയുടെ സുകൃതം -إحسان. അതിനു ഈ ലോകത്ത് ലഭിച്ച പുരസ്കാരമാണീ അനുഗ്രഹങ്ങൾ. നന്മയുള്ളവരെ അല്ലാഹു ഇഹത്തിലും പരത്തിലും ഈ രീതിയിൽ പുരസ്കരിക്കുന്നു. ■